## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6318** **10-07-2024 - ൽ മറുപടിയ്ക്ക്**

## മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) | മഞ്ചേരി മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കലങ്ങോട്, പാണ്ടിക്കാട്, കീഴാറ്റൂർ, എടപ്പറ്റ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 56886.39 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവൃത്തി വിവിധ പാക്കേജുകളിലായി നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നഗരസഭയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതിക്ക് 74.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ജലശുദ്ധീകരണശാല, മഞ്ചേരി ചെരണിയിൽ ഭൂതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, തടപ്പറമ്പിൽ ഉന്നതതല ജലസംഭരണി, എലമ്പ്രയിൽ ഉന്നതതല ജലസംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 30% പൂർത്തിയായിട്ടുണ്ട്.<br><br>മേൽ പദ്ധതിയുടെ പമ്പ് ഹൗസുകളിൽ സ്ഥാപിച്ച പുതിയ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള വൈദ്യുതി കണക്ഷന്റെ കോൺട്രാക്റ്റ് ഡിമാൻറ് ഉയർത്തേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. എന്നാൽ മേൽ പമ്പ് ഹൗസുകളിലെ നിലവിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കുന്ന മുറക്ക് മാത്രമേ കോൺട്രാക്റ്റ് ഡിമാന്റ് വർദ്ധിപ്പിച്ച് നൽകാൻ കഴിയൂ എന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 3,22,45,184/- രൂപ കുടിശ്ശികയായി |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. നിലവിലെ കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും കോൺട്രാക്റ്റ് ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നഗരസഭയിലെ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 16.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമാകാത്ത ഏകദേശം 5 കി.മീറ്ററോളം വരുന്ന ഭാഗങ്ങൾ ഒഴികെ പൈപ്പുകൾ സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷനും പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ